"ഭരണഭാഷ മാതൃഭാഷ"

നം. KDFWF/D/CA/1306/2018-19

കേരള ക്ഷീരകർഷക ക്ഷേമനിധി
തിരുവനന്തപുരം, തീയതി. 02.07.2018

## സർക്കുലർ നം.- 5/2018

വിഷയം :- ക്ഷീരകർഷക ക്ഷേമനിധി - മരണാനന്തര ധനസഹായ വിതരണം - അപേക്ഷ സമർപ്പണം - മാർഗ്ഗനിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന:- ഉത്തരവം.

ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾ മരണപ്പെടുമ്പോൾ മരണാനന്തര കർമ്മങ്ങൾ നടത്തുന്നതിന് ഒരു സാമ്പത്തിക സഹായം എന്ന നിലയിലാണ് അനന്തരാവകാശിക്ക് മരണാനന്തര ധനസഹായം അനുവദിച്ചു വരുന്നത്. ക്ഷീരസംഘങ്ങളിൽ നിന്നും മുൻകൂർ നൽകുകയും , തുടർന്ന് ആവശ്യമായ രേഖകൾ സഹിതം ക്ഷേമനിധിയിലേയ്ക്ക് അപേക്ഷിക്കുമ്പോൾ തുക ക്ഷീരസംഘങ്ങൾക്കു തിരികെ നൽകുന്ന രീതിയിലാണ് ഇത് നടപ്പിലാക്കി വരുന്നത്. എന്നാൽ നിലവിൽ മരണാനന്തര ധനസഹായം സമയബന്ധിതമായി ലഭിക്കുന്നില്ല എന്ന് പല ഭാഗങ്ങളിൽ നിന്നും പരാതി ലഭിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മരണാനന്തര ധനസഹായ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1) ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾ മരണപ്പെടുന്ന അവസരത്തിൽ മരണദിവസം തന്നെ കഴിയുന്നതും മരണാന്തര ധനസഹായ തുക കുടുംബത്തിനു അംഗത്വം നേടിയിട്ടുള്ള ക്ഷീരസംഘം മുഖേന അനുവദിക്കേണ്ടത്. ആയതിനുള്ള നടപടികൾ ക്ഷീരവികസന ഓഫീസർ ക്രമീകരിക്കേണ്ടതാണ്.

2) തുടർന്ന് മരണസർട്ടിഫിക്കറ്റ് ലഭിക്കുമ്പോൾ ക്ഷീരസംഘങ്ങൾ ഓൺലൈനായി മരണാന്തര ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3) ടി അപേക്ഷയോടൊപ്പം അനന്തരാവകാശി തുക കൈപ്പറ്റിയതായുള്ള ഒരു സാക്ഷ്യപത്രം കൂടി അപ്ലോഡ് ചെയ്യേണ്ടതാണ്.

OFFICE OF THE CHIEF EXECUTIVE OFFICER
Date:......................
Thiruvananthapuram
KERALA DAIRY FARMERS WELFARE FUND

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ് :

1) ചെയർമാൻ, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
2) ക്ഷീരവികസന വകുപ്പ് ഡയറക്ടർ (ആമുഖകത്ത് സഹിതം)
3) എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4) എല്ലാ ജില്ലാ നോഡൽ ഓഫീസർമാർക്കും (ഈ സർക്കുലറിലെ വിവരങ്ങൾ അതാത് ജില്ലയിലെ എല്ലാ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെയും, ക്ഷീരവികസന ഓഫീസർമാരെയും ഡയറി ഫാം ഇൻസ്ട്രക്ടർമാരെയും അറിയിക്കേണ്ടതാണ്)
5) എല്ലാ ക്ഷീരജാലകം പ്രമോട്ടർമാർക്കും